**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1838** **04-02-2026 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശാരീരികവും മാനസികവുമായ വൈകല്യമുള്ള കിടപ്പുരോഗികളെ പരിചരിക്കുന്ന കുടുംബാംഗങ്ങളോ ബന്ധുക്കളോ ആയവർക്ക് ധനസഹായം നൽകിവരുന്ന ആശ്വാസകിരണം പദ്ധതിയിൽ, 2018 മാർച്ച് 31-ന ശേഷം അപേക്ഷ നൽകിയവരെ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2018 മാർച്ച് 31 വരെ അപേക്ഷ സമർപ്പിച്ചവർക്കാണ് നിലവിൽ ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിച്ചുവരുന്നത്. എന്നാൽ 12/01/2026 ലെ സ.ഉ.(കൈ) നമ്പർ 1/2026/SJD നമ്പർ പ്രകാരം 2018 എപ്രിൽ 1 മുതൽ ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.അതിൻപ്രകാരം 2018 ഏപ്രിൽ 1 മുതൽ അപേക്ഷ സമർപ്പിച്ചവരുടെ അർഹത പരിശോധിച്ച് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഗുണഭോക്താക്കൾക്കുകൂടി ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്<br><br>ആശ്വാസകിരണം പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായതുക വർദ്ധിപ്പിക്കണമെന്ന സാമൂഹ്യനീതി വകുപ്പിന്റെ ശിപാർശ പ്രകാരം നിലവിലെ ധനസഹായതുകയായ 600 രൂപ 1000 രൂപയായി വർദ്ധിപ്പിക്കുമെന്ന് 2026-2027 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബഹു.ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും പ്രഖ്യാപനത്തിലുണ്ട്. |
| (ബി) | 2018 മാർച്ച് 31-ന ശേഷം അപേക്ഷ സമർപ്പിച്ച മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 2018 മാർച്ച് 31 വരെ അപേക്ഷ സമർപ്പിച്ചവർക്കാണ് നിലവിൽ ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിച്ചുവരുന്നത്. എന്നാൽ 12/01/2026 ലെ സ.ഉ.(കൈ) നമ്പർ 1/2026/SJD നമ്പർ പ്രകാരം 2018 എപ്രിൽ 1 മുതൽ ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചവരെ കൂടി |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.അതിൻപ്രകാരം 2018 ഏപ്രിൽ 1 മുതൽ അപേക്ഷ സമർപ്പിച്ചവരുടെ അർഹത പരിശോധിച്ച് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഗുണഭോക്താക്കൾക്കുകൂടി ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്<br><br>ആശ്വാസകിരണം പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായത്തുക വർദ്ധിപ്പിക്കണമെന്ന സാമൂഹ്യനീതി വകുപ്പിന്റെ ശിപാർശ പ്രകാരം നിലവിലെ ധനസഹായത്തുകയായ 600 രൂപ 1000 രൂപയായി വർദ്ധിപ്പിക്കുമെന്ന് 2026-2027 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബഹു.ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും പ്രഖ്യാപനത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ